പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ-461 04-07-2012-ൽ മറുപടിയ്ക്ക്

**കേരള ട്രഡീഷണൽ നോളജ് അതോറിറ്റി**

ചോദ്യം ഉത്തരം

* 461 ഡോ. എൻ. ജയരാജ്
ശ്രീ. എം.വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
,, പി.സി. ജോർജ്ജ്

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് കേരള ട്രഡീഷണൽ നോളജ് അതോറിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | കേരള ട്രഡീഷണൽ നോളജ് അതോറിറ്റിയുടെ രൂപീകരണം പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | പരമ്പരാഗത വിജ്ഞാനാധിഷ്ഠിത ബൗദ്ധിക സ്വത്തവകാശ സംരക്ഷണമെന്നതാണ് അതോറിറ്റിയുടെ രൂപീകരണം കൊണ്ട് ഉദ്ദേശിക്കുന്നത്. അതോറിറ്റിയുടെ രൂപീകരണത്തിനുള്ള നിയമസാധുത കൂടി പരിശോധിച്ച ശേഷം അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതാണ്. |

| | | |
|---|---|---|
| (സി) | സംസ്ഥാനത്ത് പാരമ്പര്യവിജ്ഞാന മേഖലകൾ കണ്ടെത്തുന്നതിനും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | കേന്ദ്ര നിയമങ്ങളുടെ പരിധിയിൽ ഉൾപ്പെടാത്ത പാരമ്പര്യ വിജ്ഞാന മേഖലകളെ കണ്ടെത്തുന്നതിനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭിച്ച ശേഷം പാരമ്പര്യ വിജ്ഞാന മേഖലകൾ സംരക്ഷിക്കുന്നതിനുള്ള നിയമസാധുത പരിശോധിച്ച് നടപടികൾ കൈക്കൊള്ളും. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ